## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 461 **11.06.2013**- ലെ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നോമിനികളുടെ ഭാരവാഹിത്വം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നോമിനികളെ നിയോഗിച്ചിട്ടുണ്ട്; നോമിനികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ സർക്കാർ നോമിനികളെ നിയമിച്ചിട്ടുള്ളവയുടെയും നോമിനികളുടെയും പേര് വിവരം ചുവടെ ചേർക്കുന്നു. |

1. സംസ്ഥാന സഹകരണ ബാങ്ക് നോമിനികൾ
   (1) ശ്രീ വി.കെ. തങ്കരാജ്
   (2) ശ്രീമതി. മാലേത്ത് സരളാദേവി
   (3) ശ്രീമതി. രഞ്ജിനി പ്രദീപ്
   (4) ശ്രീമതി വിജയാ. ഡി. നായർ
   (വകുപ്പ് 28 എ പ്രകാരം)
   (സഹകരണ നിയമം വകുപ്പ് 31 പ്രകാരമുള്ള നോമിനേഷൻ)
2. എറണാകുളം ജില്ലാ സഹകരണ ബാങ്ക് നോമിനികൾ
   (1) ശ്രീ. പി.പി. ജോയി
   (2) ശ്രീ പി.സി. സുകുമാരൻ
3. കേരള സംസ്ഥാന പട്ടികജാതി പട്ടിക വികസന സഹകരണ ഫെഡറേഷൻ
   (1) ശ്രീ. പി.കെ. ഭാസി
   (2) ശ്രീ. സി. ചെള്ളി
4. കേരള വനിതാ സഹകരണ ഫെഡറേഷൻ (വനിതാഫെഡ്)
   (1) ശ്രീമതി ലീലാമ്മ ടീച്ചർ
   (2) ശ്രീമതി എ.ടി. ഇന്ദിരാഭായി
5. കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ (ഹൗസ് ഫെഡ്)
   (1) ശ്രീ. മുണ്ടേരി ഗംഗാധരൻ
   (2) ശ്രീ ജോർജ്ജ് മാമ്മൻ കൊണ്ടൂർ
   (3) എ. ഗോവിന്ദൻ നായർ
6. ടൂർഫെഡ്
   (1) ഡോ. ലിസി ഫ്രാൻസിസ്
   (2) ശ്രീ സുനിൽ അന്തിക്കാട്
   (3) ശ്രീ. ബി.എൽ കൃഷ്ണപ്രസാദ്

7. കേരള കേര കർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്)

(1) ശ്രീ. എ.കെ. കുഞ്ഞിരാമൻ
(2) ശ്രീ.മനയത്ത് ചന്ദ്രൻ
(3) സബാഹ് പുൽപറ്റ

(കൃഷി വകുപ്പ് ആണ് നോമിനേഷൻ നടത്തിയിട്ടുള്ളത്)

8. കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ (റബ്ബർമാർക്ക്)

ശ്രീ. എ.ജെ. ജോണി

9. കേരള സംസ്ഥാന സഹകരണ കൺസ്യൂമേഴ്സ് ഫെഡറേഷൻ (കൺസ്യൂമർ ഫെഡ്)

(1) ശ്രീ. ജോയ് തോമസ്
(2) ശ്രീ. എൻ. സുദർശനൻ
(3) ശ്രീ. കുന്നത്തൂർ ബാലൻ (വകുപ്പ് 31 പ്രകാരം)
(4) ശ്രീമതി തങ്കച്ചി പ്രഭാകരൻ (വകുപ്പ് 28 പ്രകാരം)

10.സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

(1) ശ്രീ. കെ.എ. ചന്ദ്രൻ, എക്സ് എം.എൽ.എ
(2) ശ്രീ. എം.വി. ശശികുമാരൻ നായർ
(3) ശ്രീ. മുഹമ്മദ് ബഷീർ (വകുപ്പ് 31 പ്രകാരം)
(4) ശ്രീമതി ശാരദാ ജി നായർ (വകുപ്പ് 28 എ പ്രകാരം)

11. കാസർഗോഡ് ജില്ലാ സഹകരണ മൊത്ത വ്യാപാര സ്റ്റോർ

ശ്രീ. എം. രാമചന്ദ്രൻ

12. കണ്ണൂർ ജില്ലാ സഹകരണ മൊത്ത വ്യാപാര സ്റ്റോർ

ശ്രീ. കെ.വി. ബാലൻ മാസ്റ്റർ

ബി) സർക്കാർ നോമിനിയായി നിയോഗിക്കപ്പെട്ടവരിൽ ആരെങ്കിലും സഹകരണ സ്ഥാപനങ്ങളുടെ ഭാരവാഹിയായി തുടരുന്നുണ്ടോ; എങ്കിൽ സ്ഥാപനങ്ങൾ ഏത്;

(ബി) ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. ഹൗസ് ഫെഡിലെ ഗവൺമെന്റ് നോമിനിയായ ശ്രീ. ജോർജ്ജ് മാമ്മൻ കൊണ്ടൂർ ഹൗസ്ഫെഡിന്റെ വൈസ് പ്രസിഡന്റാണ്.
2. കേരഫെഡിലെ ഗവൺമെന്റ് നോമിനിയായ ശ്രീ മനയത്ത് ചന്ദ്രൻ ചെയർമാനാണ്.
3. കൺസ്യൂമർ ഫെഡിലെ സർക്കാർ നോമിനിയായ ശ്രീ ജോയി തോമസ് ചെയർമാനാണ്.
4. കൺസ്യൂമർ ഫെഡിലെ ഗവൺമെന്റ് നോമിനിയായ ശ്രീ. എൻ. സുദർശനൻ, വൈസ് ചെയർമാനാണ്.

സി) സർക്കാർ നോമിനികൾക്ക് സഹകരണ സ്ഥാപനങ്ങളിൽ ഭാരവാഹിത്വം സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ, 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം വകുപ്പ് 31 ൽ 14.02.2013 ൽ നിലവിൽ വന്ന ഭേദഗതി.

'അസിസ്റ്റഡ് അപ്പക്സ്', അല്ലെങ്കിൽ സെൻട്രൽ സഹകരണ സംഘങ്ങളിൽ സർക്കാരിനോ മറ്റ് അധികാരിക്കോ 2 പേരിൽ കൂടാതെയുള്ളവരെ ടി സംഘം ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യാവുന്നതും, എന്നാൽ ടിയാളുകൾ ടി സംഘത്തിന്റെ പ്രസിഡന്റ്/ചെയർമാൻ അല്ലെങ്കിൽ വൈസ് പ്രസിഡന്റ്/വൈസ് ചെയർമാൻ എന്നീ സ്ഥാനങ്ങൾ വഹിക്കാൻ പാടില്ലാത്തതും ടി സംഘത്തിന്റെ പ്രതിനിധിയാകുവാൻ പാടില്ലാത്തതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.'

ഡി) പ്രസ്തുത നിയമം എന്നു മുതലാണ് നടപ്പിലായത്; നടപ്പിലാക്കിയതിനു ശേഷം ഏതെങ്കിലും സഹകരണ സ്ഥാപനത്തിൽ ഏതെങ്കിലും സർക്കാർ നോമിനി ഭാരവാഹിയായി തുടരുന്നുണ്ടോ; എങ്കിൽ എവിടെ, എത്ര ദിവസം; വിശദമാക്കാമോ?

ഡി) ടി നിയമം 14.02.2013 മുതൽക്കാണ് പ്രാബല്യത്തിൽ വന്നത്. ടി നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങളിൽ സർക്കാർ നോമിനികൾ ഭാരവാഹിയായി തുടരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഹൗസ് ഫെഡിൽ ശ്രീ. ജോർജ്ജ് മാമ്മൻ, (വൈസ് പ്രസിഡന്റ്) 115 ദിവസം (as on 08.06.2013)

(2) കേരഫെഡിൽ ശ്രീ. മനയത്ത് ചന്ദ്രൻ 115 ദിവസം (ചെയർമാൻ)

(3) കൺസ്യൂമർ ഫെഡിൽ ശ്രീ. ജോയ് തോമസ് 115 ദിവസം (ചെയർമാൻ)

(4) കൺസ്യൂമർഫെഡിൽ ശ്രീ. എൻ. സുദർശനൻ 115 ദിവസം (വൈസ് ചെയർമാൻ)

(5) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ ശ്രീ. എം.വി. ശശികുമാരൻ നായർ 115 ദിവസം (വൈസ് പ്രസിഡന്റ്) 14.02.2013 ൽ ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപാണ് ടി നോമിനേഷൻ നടത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ